നെല്ലാട് സ്വദേശിയായ ആയുർവേദ മരുന്ന് കമ്പനി ഉടമയെ തട്ടിക്കൊണ്ടുപോയി മർദ്ദിച്ച് മോചന ദ്രവ്യം ആവശ്യപ്പെട്ട കേസിൽ മൂന്നുപേർ പിടിയിൽ. ഒറ്റപ്പാലം പാലപ്പുറം എട്ടുങ്ങൽപ്പടി വീട്ടിൽ ബിനീഷ് (43), തിരുപ്പൂർ സന്തപ്പെട്ടശിവ (അറുമുഖൻ 40), കഞ്ചിക്കോട് ചെമ്മണംകാട് കാർത്തിക (പുത്തൻ വീട്) യിൽ ശ്രീനാഥ് (33) എന്നിവരെയാണ് കുന്നത്തുനാട് പോലീസ് പിടികൂടിയത്. വെള്ളിയാഴ്ചയാണ് സംഭവം. ആയുർവേദ കമ്പനിയുടെ ബിസിനസ് തമിഴ്നാട്ടിൽ തുടങ്ങാൻ താൽപ്പര്യമുണ്ടെന്ന് പറഞ്ഞാണ് സ്ഥാപന ഉടമയെ സംഘം സമീപിച്ചത്. തുടർന്ന് ബിസിനസ് കാര്യങ്ങൾ ചർച്ചചെയ്യുന്നതിന് കോയമ്പത്തൂരിലേക്ക് ചെന്ന ഇദ്ദേഹത്തെ ബലമായി വണ്ടിയിൽ കയറ്റി തിരുപ്പൂരുള്ള അജ്ഞാത കേന്ദ്രത്തിലെത്തിച്ച് മർദിച്ചു. നാൽപ്പത്തിരണ്ട് ലക്ഷം രൂപ നൽകിയില്ലെങ്കിൽ കൊലപ്പെടുത്തുമെന്ന് മകനെ വിളിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തു.